little KITEs



# ആലസ്



ST. ANTONY'S H.S.S PAZHUVIL

# എഡിറ്റോറിയൽ ബോർഡ്

### ചീഫ് എഡിറ്റർ
സി എം ജോഷി(ഹെഡ്മാസ്റ്റർ)

### സ്റ്റാഫ് എഡിറ്റർ
പ്രിൻസി എ ജെ

### സ്റ്റുഡന്റ് എഡിറ്റർ
സാവിയോ ഇ ആർ

### അംഗങ്ങൾ
മുഹമ്മദ് നാഷിൽ ഒ എൻ
ലോജിൻ പോൾ ടി ആർ
മിലൻ ഷാജു
ജിതീഷ് വി എസ്
നിരഞ്ജയ് കുമാർ എ എ
ശിവരാജ് ടി ആർ
ആഷിക് പി ആർ

# താളുകൾ മറിക്കുമ്പോൾ

1.എഡിറ്റോറിയൽ ബോർഡ്
2. താളുകൾ മറിക്കുമ്പോൾ
3. മുഖമൊഴി
4 .ആശംസ
5. നിറവിലൂടെ
6.നേരുന്നു ആശംസ ഞാനിങ്ങനെ
7.ആയുധമാക്കു വായന
8.പ്രകൃതിക്ഷോഭം
9.എന്റെ അമ്മ
10.നല്ലവളായ നിയ
11.അവധിക്കാല യാത്ര
12.ഒറ്റയായ ജീവിതം
13.നവകേരളം എന്റെ ഭാവനയിൽ
14.എന്റെ നാട്
15.ബാല്യം

# മുഖമൊഴി

ഒരു രാജ്യത്തിന്റെ പുരോഗതിയിൽ ക്രിയാത്മകമായ പരിവർത്തനം കൈവരിക്കണമെങ്കിൽ അവരുടെ വിദ്യാഭ്യാസത്തിൽ നൂതനവും കാലികവുമായ പരിഷ്കാരങ്ങൾ വരണം. അനുസ്യൂതം പുരോഗതിയിലേക്ക് കുതിക്കുന്ന ഭാരതത്തിനു വേണ്ടത് പ്രക്രിയാബന്ധിതമായ ഒരു പാഠ്യപദ്ധതിയാണ്. രാഷ്ട്രത്തിനും വിദ്യാർത്ഥികൾക്കും ഗുണം ചെയ്യുന്ന വിദ്യാഭ്യാസം നൽകുക എന്നതാണ് പ്രധാന ലക്ഷ്യം. ശാസ്ത്ര സാങ്കേതിക രംഗങ്ങളിൽ അനുദിനം വികസിക്കുന്ന വിവരങ്ങൾ പുതിയ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കമ്പ്യൂട്ടർ വിദ്യാഭ്യാസം സ്കൂൾ തലത്തിൽ തുടങ്ങിയതും മെച്ചപ്പെട്ട കാര്യമാണ്. വിവരവിനിമയ സാങ്കേതിക വിദ്യയിൽ മിടുക്കരായ വിദ്യാർത്ഥികളെ വാർത്തെടുക്കാനായി സർക്കാർ ആവിഷ്കരിച്ച ലിറ്റിൽ കൈറ്റ്സ് ക്ലബ് അംഗങ്ങളുടെ ഈ എളിയ സംരംഭം നിങ്ങൾക്കു മുമ്പിൽ സമർപ്പിക്കുന്നു.

പത്രാധിപസമിതി

# ആശംസ



അക്ഷരക്കൂട്ടങ്ങൾ സൗന്ദര്യബോധത്തോടെ വിന്യസിക്കുമ്പോൾ സൃഷ്ടിയായി മാറുന്നു.സർഗവൈഭവമുള്ളവർ അക്ഷരങ്ങൾ ഉപയോഗിച്ച് അത്ഭുതങ്ങൾ സൃഷ്ടിക്കുന്നു. ഇങ്ങനെയുള്ള കലാഹൃദയങ്ങളെ പരിപോഷിപ്പിക്കാൻ നമ്മുടെ വിദ്യാലയത്തിൽ അനേകം അവസരങ്ങളുണ്ട്. സാങ്കേതിക വിദ്യയുടെ സഹായത്താൽ കലാസൃഷ്ടികളെ അനായാസമായി ആവിഷ്കരിക്കാൻ സാധിക്കുന്നു. ഇത്തരം പരിശ്രമത്തിന്റെ എളിയ തുടക്കമെന്ന നിലയിൽ നമ്മുടെ വിദ്യാലയത്തിലെ സർഗധനരായ കുട്ടികളുടെ സൃഷ്ടികൾ ഉൾകൊള്ളിച്ചുകൊണ്ട് ലിറ്റിൽ കൈറ്റ്സിന്റെ ആഭിമുഖ്യത്തിൽ തയ്യാറാക്കിയ ഡിജിറ്റൽ മാഗസിനും ഇതിന്റെ അണിയറ ശിൽപികൾക്കും എന്റെ ഹൃദയം നിറഞ്ഞ ഭാവുകങ്ങൾ നേരുന്നു.

സി.എം . ജോഷി
ഹെഡ്മാസ്റ്റർ

# നിറവിലൂടെ......









# നേരുന്നു ആശംസ ഞാനിങ്ങനെ

വിദ്യതൻ പുസ്തക പൂങ്കാവനത്തിലായ്
മുളയിട്ട അക്ഷര പൂമൊട്ടുകൾ
വിരിയട്ടെ അറിവിന്റെ പെൺപൂക്കളായ്
നിർമ്മലം നിന്റെയീ പൊൻ മിഴികളിൽ
ചെറുതല്ല അറിവിന്റെ ഒരു നാളവും
അണയാതെ ചേർക്കുനിൻ ഹൃദയത്തിലായ്
ഇരുളായും പ്രജ്ഞ തൻ തീരങ്ങളിൽ
ഭീതിയോടലയുന്ന നേരത്തു നിൻ
അക്ഷിയിൽ തെളിയുന്ന സത്യമല്ലോ
വിദ്യയെന്നറിയും വെളിച്ചമെന്നും
ഹരിശ്രീ കുറിക്കും നിനക്കായിതാ
നേരുന്നു ആശംസ ഞാനിങ്ങനെ
സൗരഭ്യമോലും പുഷ്പമായും
ശോഭയിലെരിയുന്ന ദീപമായും
വിരിയട്ടെ നിറയട്ടെ വിദ്യയെന്നും
പൈതലേ നിൻ കുഞ്ഞു മാനസത്തിൽ

ഹർഷിത

# നിറവിലൂടെ......









# ആയുധമാക്കു വായന


വായിച്ചാൽ വളരും വായിച്ചില്ലെങ്കിലും വളരും വായിച്ചാൽ വിളയും വായിച്ചില്ലെങ്കിൽ വളയും എന്ന കുഞ്ഞുണ്ണി മാഷിന്റെ കവിത കേൾക്കാത്ത മലയാളികൾ ആരും ഉണ്ടാവില്ല.15-ാം നൂറ്റാണ്ടിന്റെ മധ്യത്തിൽ ജോഹന്നാസ് ഗുട്ടൻബർഗ് അച്ചടിയന്ത്രംവികസിപ്പിച്ചതോടെ പുസ്തകങ്ങളും അതിലൂടെ അറിവും ആശയങ്ങളുമൊക്കെ ലോകത്തിന്റെ ഗതി തന്നെ മാറ്റി. ആശയസമ്പത്തിന് നിരവധി മാർഗങ്ങളുണ്ടെങ്കിലും വായനയിലൂടെ ലഭിക്കുന്ന ഒരു ആനന്ദം വേറെ തന്നെയാണ്. ഇംഗ്ലീഷ് എഴുത്തുകാരനായ ജോസഫ് എഡിസൺ പറയുന്നത് ശരീരത്തിന് വ്യായാമമെന്ന പോലെ മനസ്സിന്റെ വ്യായാമമാണ് വായന. ആസ്വദിച്ചുള്ള വായന മസ്തിഷ്കത്തിനുള്ള ഒരു നല്ല വ്യായാമമാണ്.അലസമായുള്ള വായന വെറുമൊരു ഉലാത്തലാണ്.

ലോകപ്രസിദ്ധരായവിജ്ഞാനികളൊക്കെയും മണിക്കൂറുകളോളം തുടർച്ചയായി വായിക്കുന്നവരാണ്. അതിനൊരു ഉത്തമ ഉദാഹരണം ഡോ.ബി.ആർ.അംബേദ്ക്കർ. ദിവസേനെ 18 മണിക്കൂർ പുസ്തകം വായനക്കായി മാറ്റി വെയ്ക്കുക. എപ്പോഴും ഒരു ഗ്രന്ഥം കൈയിൽ കരുതുക. ആരോഗ്യമുള്ള ശരീരത്തിന് ആരോഗ്യമുള്ള മനസ്സ് എന്നതുപോലെ ആരോഗ്യമുള്ള മനസ്സിന് വായന പിൻബലമുണ്ടാകണം.

അതുൽ കൃഷ്ണ ഒ.എ



# നിറവിലൂടെ......



# പ്രകൃതിക്ഷോഭം

കാലങ്ങളെത്ര മറഞ്ഞു പോയ്
എന്നിട്ടുമീ ജീവിതം ബാക്കി
ദൈവത്തിൻ സ്വന്തം നാട്ടിലൊരിടവേള

മിത്രങ്ങൾക്കും ശത്രുക്കൾക്കും
മൊരിടവേള ഒരിടവേള
ജാതിമത ഭേദത്തിനും
ഒരിടവേള ഒരിടവേള
പ്രകൃതിക്ഷോഭിച്ച ഒരിടവേള
നമ്മളൊന്നായി തീർന്നൊരിടവേള

പ്രകൃതി ക്ഷോഭിച്ചെല്ലാം നശിച്ച
ഇനിയീ ജീവിതം ബാക്കിയാണോ
ഞങ്ങളതിജീവിക്കും അതിജീവിക്കും
എല്ലാത്തിനേയും ഞങ്ങളതിജീവിക്കും

ഈ വാക്കു മാത്രമിനി ബാക്കി
ആ ആ ആ ആ ആ

അഭിരാമി വിനയൻ

# എന്റെ അമ്മ

പുലർകാലത്ത് കുളിർ കാറ്റായ്
ഇരുളിൽ പ്രതീക്ഷയുടെ നറുവട്ടമായ്
തളർച്ചയിൽ പ്രചോദനമായ്
വേദനയിൽ തലോടലായ്
നിരാശയിൽ പ്രതീക്ഷയായ്
ജീവിതത്തിൽ വഴിവിളക്കായ്
ഭൂമിദേവിയുടെ ജീവശ്വാസമായ്
പടരുന്ന ഒരു തീവ്രവികാരമാണ് അമ്മ


ആൻലിൻ ജിജോ

# നിറവിലൂടെ......









# നല്ലവളായ നിയ

ഒരിക്കൽ ഒരു രാജ്യത്തിൽ നിയ എന്നു പേരുള്ള ഒരു കുട്ടിയുണ്ടായിരുന്നു. അവൾക്ക് എല്ലാവരോടും നല്ല പെരുമാറ്റവും മുതിർന്നവരോട് നല്ല സ്നേഹവും ബഹുമാനവും ഉണ്ടായിരുന്നു. ഏതു ജോലി ചെയ്യാനും അവൾക്ക് മടിയുണ്ടായിരുന്നില്ല. അവൾക്ക് ഏതൊരാളോടും എങ്ങനെ പെരുമാറണമെന്ന് ബോധ്യമുണ്ടായിരുന്നു.

അവളുടെ സന്തോഷം അധികനാൾ നീണ്ടു നിന്നില്ല. അവൾക്ക് ഒൻപതു വയസ്സുള്ളപ്പോൾ അവളുടെ അച്ഛനും അമ്മയും ഒരു കാറപകടത്തിൽ മരിച്ചു പോയി. അവളുടെ കണ്ണുകൾ ആദ്യമായി അന്നു നിറഞ്ഞു. അവളുടെ വല്യമ്മയാണ് അവളെ വളർത്തിയത്.അവർ ഒരു ക്രൂരയായിരുന്നു. അവർ നിയയെ വല്ലാതെ കഷ്ടപ്പെടുത്തി. അവളെ ഒരു വേലക്കാരിയെപ്പോലെയാണ് കണ്ടത്. അവൾ എന്നാലും അവരെ മനസ്സുകൊണ്ടുപോലും ഒരു കുത്തുവാക്കു പറഞ്ഞിരുന്നില്ല. വർഷങ്ങൾ കടന്നു പോയി.

ഒരു ദിവസം അവളെ ഒരു ജോലി ഏൽപ്പിച്ച് വല്യമ്മ പുറത്തു പോയി .അവരുടെ രണ്ടു മക്കളും പഠനം പൂർത്തിയാക്കി വീട്ടിലേക്കു വരുന്ന ദിവസമായിരുന്നു. അവരും വല്യമ്മയെ പോലെ ദുഷ്ടരായിരുന്നു.അവർ നിയയെ പറ്റാവുന്നിടത്തോളം ദ്രോഹിച്ചു.ഒരു ദിവസം അവിടെ രാജാവ് ഒരു വിളംബരം പുറപ്പെടുവിച്ചു.ഏറ്റവും വിനയമുള്ള ഒരു വധുവിനെ അയാൾ വിവാഹം കഴിക്കുമെന്ന്. അവൾക്കും അതിൽ പോകണമെന്നുണ്ടായിരുന്നു. പക്ഷേ വല്യമ്മ അവളെ പോകാൻ സമ്മതിച്ചില്ല. വല്യമ്മയും മകളും ആ രാജ്യ കൊട്ടാരത്തിലേക്കു പോയി. നിയ അവിടെയിരുന്നു കരയുകയായിരുന്നു. അപ്പോഴാണ് ഒരു അദൃശ്യ ശക്തി അവളോടു പറഞ്ഞു.നിയ നീ പേടിക്കേണ്ട. ഞാൻ നിന്നെ അവിടെ എത്തിക്കാം. അങ്ങനെ അവൾ ആ മത്സരത്തിൽ ജയിച്ചു.

നന്ദന ഒ.ആർ

# നിറവിലൂടെ......





# അവധി കാലയാത്ര

ഞങ്ങൾ കുടുംബക്കാർ ഒത്തുകൂടി വാഗമൺ എന്ന സ്ഥലം കാണാൻ പോയി. മലയും കുന്നുകളും നദികളും അവിടെയുണ്ട്. ഞങ്ങൾ പുലർച്ച ഒരു 5 മണിയോടെ വീട്ടിൽ നിന്ന് പുറപ്പെട്ടു. ഞങ്ങൾ വാഗമൺ എന്ന സ്ഥലത്തെത്തിയത് ഒരു 11 മണിയായിട്ടുണ്ടാകും.അവിടെ നിന്ന് ടിക്കറ്റും എടുത്ത് മുട്ടകുന്ന് എന്ന മല കയറാൻ തുടങ്ങി. വലിയ വലിയ മലകൾ. മലകളിൽ നിന്ന് വെള്ളം ഒഴുകുന്നു. എന്തിനും അനുയോജ്യമായ സ്ഥലം. ഞങ്ങൾ അവിടത്തെ മലകൾ കയറി. 12 മണിയായപ്പോൾ ഭക്ഷണം കഴിക്കാൻ വേണ്ടി ഹോട്ടലിൽ കയറി.ഭക്ഷണം കഴിച്ച് കുറച്ച് സമയം കഴിഞ്ഞിട്ട് പൈൻ മരകാട് കാണാൻ പോയി. അവിടെ വലിയ വലിയ മരങ്ങൾ, നദികൾ, കാടുകൾ, മലകൾ....പ്രകൃതിരമണീയമായ കാഴ്ച.മൂന്ന് വലിയ മലകൾ കയറി ഒരു കുഞ്ഞു വഴിയിലൂടെ കടന്നു ചെന്നപ്പോൾ അവിടെ ഒരു പള്ളി. പള്ളിയുടെ താഴ്ഭാഗത്തായി ഒരു വലിയ പാറ.ആ പാറയുടെ താഴ്ഭാഗത്തു കൂടി കുറെ തണുത്ത വെള്ളം ഒഴുകി വരുന്നു.അതു കുടിക്കുകയും മുഖം കഴുകുകയും ചെയ്തു. അതു കഴിഞ്ഞു ഞങ്ങൾ ഒരു 5 മണിയായപ്പോൾ ക്രിസ്ത്യാനികളുടെ പൊന്നിൻ കുരിശുപള്ളിയുടെ മല ഓരോന്നായി കയറാൻ തുടങ്ങി. അങ്ങനെ 14 മലകൾ കയറി പോയപ്പോൾ ഒരു സുന്ദരമായ പള്ളി കണ്ടു. ഞങ്ങൾ ആ പള്ളിയുടെ അവിടെ കുറച്ച നേരം ഇരുന്നു.എന്നിട്ട് ഞങ്ങൾ ചായ കുടിക്കാൻ വീണ്ടും ഹോട്ടലിൽ കയറി. ചായയും പലഹാരവും കഴിച്ച കഴിഞ്ഞ് വീണ്ടും യാത്രയായി.അങ്ങനെ സുന്ദരമായ ആ പ്രദേശം കണ്ടു. ഒരു 10 മണിയായപ്പോൾ വീട്ടിൽ തിരിച്ചെത്തി.

വാഗമൺ കാണാൻ പോയതിന്റെ ക്ഷീണം രാവിലെ 9 മണിയായപ്പോഴാണ് തീർന്നത്. നമ്മൾ എല്ലാവരും കടൽ കാണാൻ പോയിട്ടുണ്ടാകും. ഞങ്ങൾ അന്ന് ഉച്ചതിരിഞ്ഞ് 3 മണിയായപ്പോൾ സ്നേഹതീരം കാണാൻ പോയി. തിരമാല അടിച്ചു കൊണ്ടേയിരുന്നു. ഞങ്ങൾ എല്ലാവരും കടലിലേക്കിറങ്ങി. പന്ത് തട്ടി കളിച്ചു. അച്ഛൻ പോയി കപ്പലണ്ടിയും ഐസ് ക്രീമും വാങ്ങി. വെയിലായപ്പോൾ ഞങ്ങൾ ഒരു സ്ഥലത്ത് പോയിരുന്നു.എന്നിട്ട് അച്ഛൻ വാങ്ങിച്ച കൊണ്ടുവന്ന സാധനങ്ങൾ കഴിച്ചു. വെയിൽ ആറിയപ്പോൾ വീണ്ടും കടലിൽ ഇറങ്ങി കളിച്ചു. കുട്ടികൾക്ക് കളിക്കാനുള്ള പാർക്കിൽ കയറി കളിച്ചു. അവിടത്തെ മീനിനെയും കണ്ടു രസിച്ച തുള്ളിച്ചാടി ഞാൻ നടന്നു. ഒരു ആറു മണിയായപ്പോൾ വണ്ടിയിൽ കയറി ഐസ് ക്രീമും കഴിച്ചു.വീട്ടിൽ 7.30 ന് തിരിച്ചെത്തി.

ആദിത്യ കെ .ഡി .

# നിറവിലൂടെ......



# ഒറ്റയായ ജീവിതം

അമ്മയാകും കിളിക്കൂട്ടിൽ
അഭയം പ്രാപിളിച്ചൊരുന്നാൾ
വളർന്നു വലുതാകവെ
ആ സ്നേഹ കൂട്ടിൽ നിന്നകന്നു പോയി

ഒറ്റപ്പെടലിൻ നോവുമായവർ
അവരുടെ തലമുറകൾക്കായി
ജീവിക്കുമ്പോൾ തലമുറകൾ അവരെ
ഒറ്റയാക്കുന്നുവോ അതോ
വിധിയവരെ കൂട്ടത്തിൽ നിന്ന്
വേർത്തി - രിക്കുന്നുവോ.....

അമ്മ മക്കൾക്കായി ജീവിക്കുമ്പോൾ
മക്കളെന്തിനവരെ തള്ളി പറയുന്നു
സ്വന്തം സുഖസൗകര്യങ്ങൾ
ത്യജിച്ച അമ്മമാരെ നാം എന്തിനു
സ്വ സുഖത്തിനായകറ്റുന്നു
യാതനകളും പ്രതിസന്ധികളും
തരണം ചെയ്തതവർക്കു വേണ്ടിയല്ല
തൻ മക്കൾക്കായി മാത്രം

നാം അവരെ അകറ്റുമ്പോഴും
സുരക്ഷിതരായി മക്കളെ പോറ്റുന്നു
പക്ഷേ പൊട്ടിച്ചെറിയുന്നു നമ്മൾ
സ്നേഹത്തിൻ കണ്ണികളെ
ഒറ്റപ്പെടുത്തുന്നു വാർദ്ധക്യത്തിൽ
വൃദ്ധസദനങ്ങളിൽ.

അമൃത സജീവ്



# നിറവിലൂടെ......



# നവകേരളം എന്റെ ഭാവനയിൽ

ദൈവത്തിന്റെ സ്വന്തം നാട് എന്ന് വിശേഷിപ്പിക്കുന്ന കേരളത്തിൽ 1924 ന് ശേഷം കേരളം കണ്ടതിൽ വെച്ച് മഹാപ്രളയമായിരുന്നു ഏതാനും മാസങ്ങൾക്ക് മുമ്പ് നാം കണ്ടത്.നിരവധി പേരുടെ ജീവനാണ് ഇതിൽ പെട്ട് പൊലിഞ്ഞത്. എല്ലാം നഷ്ടപ്പെട്ടു നിൽക്കുന്ന നിരവധി പേരുടെ കരയുന്ന മുഖങ്ങളാണ് നാം കണ്ടത്. ആ ഭീതിയിൽ നിന്ന് നമ്മൾ പൂർണമായും മോചനം നേടിയിട്ടില്ല. നവകേരളത്തിന് അനുയോജ്യമാണെന്ന് ഞാൻ വിചാരിക്കുന്ന ചില നിർദേശങ്ങൾ താഴെ:-

*പുഴകളും തോടുകളും പാടശേഖരങ്ങളും നികത്തുന്നത് കർശനമായി സർക്കാർ നിരോധിക്കണം.

* ജലസ്രോതസ്സുകളിലേക്കും പാടശേഖരങ്ങളിലേക്കും ഉപേക്ഷിക്കുന്നത് കർശനമായി നിരോധിക്കണം.

* ഇതൊക്കെ ഉൾക്കൊള്ളിച്ച ഒരു നവകേരളത്തെയാണ് ഞാൻ എന്റെ ഭാവനയിൽ കാണുന്നത്.

ഫാത്തിമ ദിൽഷ

നിറവിലൂടെ......



# എന്റെ നാട്

പിറന്നു പിറന്നു ഭാരത മണ്ണിൽ
കേരളമെന്നൊരു സംസ്ഥാനം

1956 നവംബർ ഒന്നിന് പിറന്നല്ലോ
മലയാളനാട് പിറന്നല്ലോ

ജന്മദിനം ജന്മദിനം കേരളനാടിൻ ജന്മദിനം
നമ്മുടെ നാടിൻ ജന്മദിനം

അന്ന് നമ്മുടെ നാട് ,എത്ര മനോഹര നാട്
പുഴയും വയലും കാടും മേടും കുന്നും

മലയും നിറഞ്ഞൊരു നാട്
നന്മ നിറഞ്ഞൊരു നാട്

ദൈവത്തിൻ സ്വന്തം നാട്
ജാതിയില്ല മതമില്ലഎല്ലാരും എല്ലാരും ഒന്നാണേ

ഇന്ന് നമ്മുടെ നാട്ടിൽ പുഴയെവിടെ
വയലെവിടെ കുന്നും മലയും എവിടെ

ഉയരുന്നേ ഫ്ലാറ്റുകൾ ഉയരുന്നേ കൂറ്റൻ കൂറ്റൻ ഫാക്ടറികൾ
വിഷമയമായൊരു നാട് നമ്മുടെ സ്വന്തം നാട്
പല ജാതി പല മതമായി തിന്മ നിറഞ്ഞൊരു നാട്
നമ്മുടെ സ്വന്തം നാട് ,കേരള മെന്നൊരു നാട്

പിറന്നു പിറന്നു ഭാരത മണ്ണിൽ
കേരളമെന്നൊരു സംസ്ഥാനം

1956 നവംബർ ഒന്നിന് പിറന്നല്ലോ
മലയാളനാട് പിറന്നല്ലോ

ജന്മദിനം ജന്മദിനം കേരളനാടിൻ ജന്മദിനം
നമ്മുടെ നാടിൻ ജന്മദിനം

അദ്വൈത് ഷാജു

# ബാല്യം

മാവിൻ കൊമ്പിലൊരൂഞ്ഞാൽ
ആർക്കോ വേണ്ടിയൊരൂഞ്ഞാൽ
ആടിപാടി തിമിർക്കാനൊരൂഞ്ഞാൽ
പക്ഷേ ആർക്കും വേണ്ടാത്തൊരൂഞ്ഞാൽ
വീടിനകത്തു മുറിയിലിരുന്ന് പുസ്തകതാളിൽ മുഴുകി

പുറം ലോകമെന്തെന്നറിയാതെ
പഠിപ്പു തന്നെ പഠിപ്പ്
വെള്ളപ്പൊക്കം കടന്നു പോയി
ചുഴലിക്കാറ്റും കടന്നു പോയി
മഴയും കിളിപ്പാട്ടും കേൾക്കാതെ

മൊബൈലിന്റെ കുഞ്ഞുചതുരത്തി
നുള്ളിലേക്ക് ഇറങ്ങി പോയൊരു ബാല്യം
എന്തിനീ പ്രകൃതിക്കിത്ര സൗന്ദര്യം
ആരും കാണാത്ത സൗന്ദര്യം

അഭിരാമി വിനയൻ

## നിറവിലൂടെ......












# നിറവിലൂടെ......

















## നിറവിലൂടെ......


You Have
the Power
to
Conserve


SAVE
WATER
SAVE
NATURE


SAVE
C.M.JOSHY
Nation


Save nature
Save nation

# നിറവിലൂടെ......





## നിറവിലൂടെ......






നന്ദി
ലിറ്റിൽ കൈറ്റ്സ് 2018-19
സെന്റ് .ആന്റണീസ്
എച്ച് .എസ്.എസ്
പഴവിൽ